www.chandrikadaily.com

ചന്ദ്രിക

പൊതുവാർത്തകൾ

സ്വർണ്ണം ഗ്രാമിന് ₹ 6460

'കേരള സ്റ്റോറി' ദൂരദർശനിൽ: യു.ഡി.എഫ് തിരഞ്ഞെടുപ്പ് കമ്മീഷനെ സമീപിക്കും

കൊച്ചി: കേരളത്തെ കുറിച്ചുള്ള അസത്യങ്ങൾ കുത്തി നിറച്ച 'കേരള സ്റ്റോറി' എന്ന സിനിമ ദൂരദർശനിൽ പ്രദർശിപ്പിക്കാനുള്ള നീക്കത്തിൽ നിന്നും കേന്ദ്ര സർക്കാർ പിന്മാറണമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ആവശ്യപ്പെട്ടു. അസത്യങ്ങളുടെ കെട്ടുകാഴ്ചയായ 'കേരള സ്റ്റോറി' പ്രദർശിപ്പിക്കുന്നതിലൂടെ മതേതര സമൂഹത്തിനുള്ളിൽ ഭിന്നിപ്പുണ്ടാക്കുകയെന്ന തന്ത്രമാണ് മോദിയുടെ നേതൃത്വത്തിലുള്ള സംഘപരിവാർ ഭരണകൂടം നടപ്പക്കുന്നത്. ഭിന്നിപ്പിന്റെ രാഷ്ട്രീയം കേരളത്തിൽ ചെലവാകില്ലെന്നു ബോധ്യമായ സംഘപരിവാർ കേന്ദ്ര സർക്കാർ സ്ഥാപനമായ ദൂരദർശനെ രാഷ്ട്രീയ ലാഭത്തിന് വേണ്ടി ഉപയോഗിക്കുന്നത് അംഗീകരിക്കാനാകില്ല. ഇത് തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടത്തിന്റെ നഗ്നമായി ലംഘനമാണ്. മോദി ഭരണകൂടത്തിന്റെ നിയമവിരുദ്ധ നടപടിക്കെതിരെ കോൺഗ്രസും യു.ഡി.എഫും തിരഞ്ഞെടുപ്പ് കമ്മീഷനെ സമീപിക്കും.

email: chandrikakochi@gmail.com

കൗൺസിൽ ഫോർ കമ്യൂണിറ്റി കോഓപറേഷൻ സംഘടിപ്പിച്ച ഇഫ്താർ സംഗമത്തിൽ പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ റമസാൻ സന്ദേശം നൽകുന്നു.

മതവിശ്വാസം ആത്മീയമായ സംസ്കരണം: പാണക്കാട് മുനവ്വറലി ശിഹാബ് തങ്ങൾ

കൊച്ചി: മതവിശ്വാസം ആത്മീയമായ സംസ്കരണവും നമ്മുടെ സ്വാതന്ത്ര്യവുമാണെന്ന് പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ. മതത്തെ ദുരുപയോഗപ്പെടുത്തുന്നത് ദൗർഭാഗ്യകരമാണ്. മതത്തിന്റെ മറപിടിച്ച് പലതും നേടാനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. കൗൺസിൽ ഫോർ കമ്യൂണിറ്റി കോഓപ്പറേഷന്റെ (സി സി സി) നേതൃത്വത്തിൽ കൊച്ചിയിൽ നടന്ന ഇഫ്താർ സംഗമത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

എല്ലാവരെയും ചേർത്ത് വെക്കാനും പരസ്പരം അടുത്തറിയാനുമുള്ള അവസരമാണ് റമസാനെന്ന് മുഹമ്മദ് ഫൈസി ഓണമ്പള്ളി റമസാൻ സന്ദേശത്തിൽ പറഞ്ഞു. പരസ്പരമുള്ള വിദ്വേഷം അവസാനിപ്പിക്കുകയും പാരസ്പര്യം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതാണ് മതമെന്നും അദ്ദേഹം പറഞ്ഞു. മാനവികതയുടെയും പരസ്പര സ്നേഹത്തിന്റെയും സന്ദേശമാണ് റമസാൻ നൽകുന്നതെന്ന് ബിഷപ്പ് ഡോ.മാത്യൂസ് മോർ അന്തിമോസ് പറഞ്ഞു. മത തീവ്രവാദം എങ്ങനെ നമ്മുടെ സമൂഹത്തിൽ കടന്നു കൂടി എന്ന് ചിന്തിക്കണമെന്ന് സ്വാമി വിശാലാനന്ദ പറഞ്ഞു. ദുരിതവും കഷ്ടപ്പാടും മാറ്റി കൊടുക്കുന്നവനാണ് ദൈവം. എങ്ങനെ മനുഷ്യരെ ചേർത്ത് പിടിക്കാം എന്നാണ് ശ്രീ നാരായണ ഗുരു ചിന്തിച്ചതെന്ന് അദ്ദേഹം പറഞ്ഞു. മന്ത്രി പി.രാജീവ്, ഹൈബി ഈഡൻ എം.പി, പ്രൊഫ.കെ.വി തോമസ്, ഡോ. എം.സി ദിലീപ് കുമാർ, തിരുവമ്പാടി ദേവസ്വം പ്രസിഡന്റ് പദ്മശ്രീ ഡോ.സുന്ദർ മേനോൻ, ഫാ.ഫ്രാൻസിസ് സേവ്യർ, പി. മുജീബ് റഹ്മാൻ, സ്വാമി പ്രബോധ തീർഥ, ഡോ.ഹുസൈൻ മടവൂർ, ഫാ.ബിജു തോമസ്, ജസ്റ്റിസ് പി.കെ ഷംസുദ്ദീൻ, ടി.ജെ വിനോദ് എം എൽ എ, ജസ്റ്റിസ് അബ്ദുറഹിം, ഡി സി സി പ്രസിഡന്റ് മുഹമ്മദ് ഷിയാസ്, എ പി എം മുഹമ്മദ് ഹനീഷ്, വി.ജെ കുര്യൻ എന്നിവർ പങ്കെടുത്തു. സി സി സി പ്രസിഡന്റ് ഗൾഫാർ മുഹമ്മദലി ആമുഖ പ്രസംഗം നടത്തി. ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ സ്വാഗതവും ട്രഷറർ ഫാദർ വി.സി ആന്റണി വടക്കേക്കര നന്ദിയും പറഞ്ഞു.

മുഖം രക്ഷിക്കാൻ അപ്പീൽ നാടകം

കൊച്ചി:വിവാദ വിധിയയിൽ നിന്നും മുഖം രക്ഷിക്കാൻ മുഹമ്മദ് റിയാസ് മൗലവി(27)യെ കൊലപ്പെടുത്തിയ കേസിലെ പ്രതികളെ വെറുതെവിട്ട വിചാരണ കോടതി വിധിക്കെതിരെ സംസ്ഥാന സർക്കാർ ഹൈക്കോടതിയിൽ അപ്പീൽ നൽകി. കേസ് തെളിയിക്കുന്നതിൽ അന്വേഷണ സംഘത്തിനും പ്രോസിക്യൂഷനും ഗുരുതര വീഴ്ചയുണ്ടായതായി വിധിപ്പകർപ്പിൽ പറഞ്ഞത് സംസ്ഥാന സർക്കാരിന് തിരിച്ചടിയായിരുന്നു. കേസിലെ പ്രതികളായ മൂന്ന് ആർ.എസ്.എസ് പ്രവർത്തകരെയും ജില്ലാ പ്രിൻസിപ്പൽ സെഷൻസ് കോടതി കഴിഞ്ഞയാഴ്ചയാണ് വിട്ടയച്ചത്. 2017 മാർച്ച് 21ന് അർധരാത്രി ബൈക്കിലെത്തിയ മൂന്നംഗ സംഘം പഴയ ചൂരി പള്ളിയിലെ താമസസ്ഥലത്ത് അതിക്രമിച്ചുകടന്ന് റിയാസ് മൗലവിയെ കഴുത്തറുത്ത് കൊലപ്പെടുത്തിയെന്നാണ് കേസ്.

കരിപ്പൂരിൽ 84.50 ലക്ഷം രൂപയുടെ സ്വർണം പിടികൂടി

കൊണ്ടോട്ടി: കരിപ്പൂർ വിമാനത്താവളത്തിൽ 84.50 ലക്ഷം രൂപയുടെ സ്വർണം പിടികൂടി.നിലമ്പൂർ സ്വദേശിയാണ് 1.25 കിലോഗ്രാം സ്വർണവുമായി എയർ കസ്റ്റംസ് ഇന്റലിജിജൻസ് വിഭാഗത്തിന്റെ പിടിയിലായത്. അടിവസ്ത്രത്തിൽ ഒളിപ്പിച്ചുവെച്ചാണ് സ്വർണം കൊണ്ട് വന്നത്. ഇയാളെ അറസ്റ്റ് ചെയ്തു.

ചാലക്കുടിയിൽ ട്രാക്കിൽ പണി ഇന്നത്തെ ട്രെയിനുകൾ റദ്ദാക്കി

കൊച്ചി: ചാലക്കുടി യാർഡിൽ ട്രാക്കിന്റെ ജോലികൾ നടക്കുന്നതിനാൽ ഇന്ന് (വെള്ളി) സർവീസ് നടത്താനിരുന്ന ചില ട്രെയിനുകൾ പൂർണമായും ചില ട്രെയിനുകൾ ഭാഗികമായും റദ്ദാക്കുകയും മറ്റുചിലവയുടെ സമയക്രമം നിയന്ത്രിക്കുകയും ചെയ്തതായി ദക്ഷിണ റെയിൽവേ അറിയിച്ചു.

പൂർണമായി റദ്ദാക്കിയവ

7.45ന് എറണാകുളത്ത് നിന്ന് പുറപ്പെടുന്ന ട്രെയിൻ നമ്പർ 06453 എറണാകുളം -കോട്ടയം പാസഞ്ചർ, 17..20ന് കോട്ടയത്തു നിന്ന് പുറപ്പെടുന്ന ട്രെയിൻ നമ്പർ 06434 കോട്ടയം–എറണാകുളം പാസഞ്ചർ, 4.30 ന് ഷൊർണൂരിൽ നിന്ന് പുറപ്പെടുന്ന ട്രെയിൻ നമ്പർ 06017 ഷൊർണൂർ–എറണാകുളം ജെഎൻ മെമു, വ്യാഴാഴ്ച 17.40 ന് എറണാകുളത്ത് നിന്ന് പുറപ്പെടുന്ന ട്രെയിൻ നമ്പർ 06018 എറണാകുളം – ഷൊർണൂർ മെമു എന്നിവയാണ് റദ്ദാക്കിയത്.

ഭാഗികമായി റദ്ദാക്കിയവ

വ്യാഴാഴ്ച 9.45 ന് ചെന്നൈ എഗ്മോറിൽ നിന്ന് പുറപ്പെട്ട ട്രെയിൻ നമ്പർ 16127 ചെന്നൈ എഗ്മോർ – ഗുരുവായൂർ എക്സ്പ്രസ് എറണാകുളത്തിനും ഗുരുവായൂരിനും ഇടയിൽ ഭാഗികമായി റദ്ദാക്കി. എറണാകുളത്ത് ട്രെയിൻ അവസാനിക്കും. വെള്ളിയാഴ്ച 23.15 ന് ഗുരുവായൂരിൽ നിന്ന് പുറപ്പെടുന്ന ട്രെയിൻ നമ്പർ 16128 ഗുരുവായൂർ – ചെന്നൈ എഗ്മോർ എക്സ്പ്രസ് ഗുരുവായൂരിനും എറണാകുളത്തിനും ഇടയിൽ ഭാഗികമായി റദ്ദാക്കി. ശനിയാഴ്ച 1.20 ന് എറണാകുളത്ത് നിന്ന് ട്രെയിൻ പുറപ്പെടും. വെള്ളിയാഴ്ച പുലർച്ചെ 3.25ന് ഗുരുവായൂരിൽ നിന്ന് പുറപ്പെടുന്ന ട്രെയിൻ നമ്പർ 16341 ഗുരുവായൂർ – തിരുവനന്തപുരം സെൻട്രൽ ഇന്റർസിറ്റി എക്സ്പ്രസ് ഗുരുവായൂരിനും എറണാകുളത്തിനും ഇടയിൽ ഭാഗികമായി റദ്ദാക്കി. ട്രെയിൻ എറണാകുളത്ത് നിന്ന് 05.20 ന് പുറപ്പെടും. വ്യാഴാഴ്ച 17.30 ന് തിരുവനന്തപുരത്ത് നിന്ന് പുറപ്പെടുന്ന ട്രെയിൻ നമ്പർ 16342 തിരുവനന്തപുരം സെൻട്രൽ – ഗുരുവായൂർ ഇന്റർസിറ്റി എക്സ്പ്രസ് എറണാകുളത്തിനും ഗുരുവായൂരിനും ഇടയിൽ ഭാഗികമായി റദ്ദാക്കി. ട്രെയിൻ എറണാകുളത്ത് അവസാനിക്കും. വ്യാഴാഴ്ച 16.30ന് കാരയ്ക്കലിൽ നിന്ന് പുറപ്പെടുന്ന 16187 കാരക്കൽ – എറണാകുളം എക്സ്പ്രസ് പാലക്കാടിനും എറണാകുളത്തിനും ഇടയിൽ ഭാഗികമായി റദ്ദാക്കി. ട്രെയിൻ പാലക്കാട്ടേക്ക് ഷോർട്ട് ടെർമിനേറ്റ് ചെയ്യും. വെള്ളിയാഴ്ച 22.25ന് എറണാകുളത്ത് നിന്ന് പുറപ്പെടുന്ന ട്രെയിൻ നമ്പർ 16188 എറണാകുളം – കാരക്കൽ എക്സ്പ്രസ് എറണാകുളത്തിനും പാലക്കാടിനും ഇടയിൽ ഭാഗികമായി റദ്ദാക്കി. ശനിയാഴ്ച 1.40 ന് പാലക്കാട് നിന്ന് ട്രെയിൻ പുറപ്പെടും. വെള്ളിയാഴ്ച 5.50 ന്ഗുരുവായൂരിൽ നിന്ന് പുറപ്പെടുന്ന ട്രെയിൻ നമ്പർ 16328 ഗുരുവായൂർ – മധുരൈ എക്സ്പ്രസ് ഗുരുവായൂരിനും എറണാകുളത്തിനും ഇടയിൽ ഭാഗികമായി റദ്ദാക്കി. ട്രെയിൻ എറണാകുളം ടൗണിൽ നിന്ന് 08.00 മണിക്ക് പുറപ്പെടും. വ്യാഴാഴ്ച 11.20 ന് മധുരയിൽ നിന്ന് പുറപ്പെടുന്ന ട്രെയിൻ നമ്പർ 16327 മധുര – ഗുരുവായൂർ എക്സ്പ്രസ് എറണാകുളം ടൗണിനും ഗുരുവായൂരിനും ഇടയിൽ ഭാഗികമായി റദ്ദാക്കി. ട്രെയിൻ എറണാകുളം ടൗണിൽ അവസാനിക്കും.

നിയന്ത്രിക്കുന്നവ

ബുധനാഴ്ച പുണെയിൽ നിന്ന് പുറപ്പെട്ട ട്രെയിൻ നമ്പർ 16381 പൂനെ – കന്യാകുമാരി എക്സ്പ്രസ് റൂട്ടിൽ 3 മണിക്കൂർ 15 മിനിറ്റ് നിയന്ത്രിക്കും. വ്യാഴാഴ്ച മൈസൂരിൽ നിന്ന് പുറപ്പെട്ട ട്രെയിൻ നമ്പർ 16315 മൈസൂരു കൊച്ചുവേളി എക്സ്പ്രസ് റൂട്ടിൽ 3 മണിക്കൂർ 5 മിനിറ്റ് നിയന്ത്രിക്കും. വ്യാഴാഴ്ച കെഎസ്ആർ ബെംഗളൂരുവിൽ നിന്ന് പുറപ്പെട്ട ട്രെയിൻ നമ്പർ 16526 കെഎസ്ആർ ബെംഗളൂരു – കന്യാകുമാരി ഐലൻഡ് എക്സ്പ്രസ് ഒരു മണിക്കൂർ റൂട്ടിൽ നിയന്ത്രിക്കും. ബുധനാഴ്ച എച്ച്. നിസാമുദ്ദീനിൽ നിന്ന് പുറപ്പെട്ട ട്രെയിൻ നമ്പർ 12618 ഹസ്രത്ത് നിസാമുദ്ദീൻ – എറണാകുളം ജംഗ്ഷൻ മംഗള എക്സ്പ്രസ് ഒരു മണിക്കൂർ റൂട്ടിൽ നിയന്ത്രിക്കും. ബുധനാഴ്ച ചണ്ഡീഗഢിൽ നിന്ന് പുറപ്പെട്ട ട്രെയിൻ നമ്പർ 12218 ചണ്ഡീഗഢ് കൊച്ചുവേളി – സമ്പർക്ക് ക്രാന്തി എക്സ്പ്രസ് റൂട്ടിൽ 30 മിനിറ്റ് നിയന്ത്രിക്കും. വ്യാഴാഴ്ച എംജിആർ ചെന്നൈ സെൻട്രലിൽ നിന്ന് പുറപ്പെട്ട ട്രെയിൻ നമ്പർ 12623 എംജിആർ ചെന്നൈ സെൻട്രൽ – തിരുവനന്തപുരം സെൻട്രൽ മെയിൽ റൂട്ടിൽ 2 മണിക്കൂർ നിയന്ത്രിക്കും. എറണാകുളത്ത് നിന്ന് പുറപ്പെടുന്ന ട്രെയിൻ നമ്പർ 22149 എറണാകുളം ജനറൽ– പൂനെ ജനറൽ പൂർണ എക്സ്പ്രസ് വെള്ളിയാഴ്ച ഒരു മണിക്കൂർ യാത്രക്ക് നിയന്ത്രണം ഏർപ്പെടുത്തും. എസ്എംവിടി ബെംഗളൂരുവിൽ നിന്ന് വ്യാഴാഴ്ച പുറപ്പെട്ട ട്രെയിൻ നമ്പർ 12684 എസ്എംവിടി ബംഗളൂരു – എറണാകുളം ജംഗ്ഷൻ എക്സ്പ്രസ് റൂട്ടിൽ 2 മണിക്കൂർ 15 മിനിറ്റ് നേരത്തേക്ക് നിയന്ത്രിക്കപ്പെടും.

ചെറുസിനിമകൾക്ക് തിയറ്റർ ലഭിക്കുന്നില്ലെന്ന് പരാതി

കൊച്ചി: വലിയ സിനിമകളുടെ റിലീസിന് പിന്നാലെ താരമൂല്യം കുറവുള്ളതും താരതമ്യേന ചെറുതുമായ സിനിമകൾക്ക് പ്രദർശനത്തിന് തിയറ്റർ ലഭിക്കുന്നില്ലെന്ന് പരാതി. കഴിഞ്ഞ 28ന് റിലീസ് ചെയ്ത വയസെത്രയായി മുപ്പത്തി.. എന്ന ചിത്രത്തിന്റെ അണിയറ പ്രവർത്തകരാണ് ആരോപണവുമായി രംഗത്തെത്തിയിട്ടുള്ളത്. മുപ്പതോളം തിയേറ്ററുകളിൽ റിലീസ് ചെയ്ത ചിത്രം പൃഥ്വിരാജ് ചിത്രമായ ആടുജീവിതം റിലീസ് ആയതിന് പിന്നാലെ പന്ത്രണ്ട് തിയേറ്ററുകളിലേക്ക് ഒതുങ്ങി. ഇതിനുപുറമേ നിലവിലുണ്ടായിരുന്ന പ്രദർശനവും വെട്ടിക്കുറച്ചു. സാധാരണക്കാരടക്കം എത്തുന്ന രാവിലെ പത്തിന്റെ ഷോ പല സ്ഥലങ്ങളിലും ഇപ്പോൾ രാത്രി പത്തിലേക്ക് മാറ്റി. മികച്ച പ്രതികരണം ലഭിച്ചിട്ടും പ്രദർശന സമയം മാറ്റിയതോടെ പ്രേക്ഷകർ കുറഞ്ഞു. കാണികൾ കുറവായതുകൊണ്ട് മറ്റ് വലിയ ചിത്രങ്ങൾക്കായി തങ്ങളുടെ പ്രദർശനസമയം കൊടുക്കേണ്ട സ്ഥിതിയുമുള്ളതായി ചിത്രത്തിന്റെ നിർമാതാവ് യു.സി ഷിജു പത്രസമ്മേളനത്തിൽ പറഞ്ഞു.

ഗസ്സ വംശഹത്യ: 33,000 കടന്ന് മരണം

ഗസ്സ: വെടിർത്തൽ ചർച്ചകൾ എങ്ങുമെത്താതെ ഇഴഞ്ഞുനീങ്ങുകയും അന്താരാഷ്ട്ര സമൂഹം നിസ്സംഗത തുടരുകയും ചെയ്യുന്നതിനിടെ ഗസ്സയിൽ ഇസ്രാഈൽ ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ എണ്ണം 33,037 ആയി. 24 മണിക്കൂറിനിടെ 62 പേരാണ് കൊല്ലപ്പെട്ടത്. ആയിരക്കണക്കിന് മൃതദേഹങ്ങൾ കെട്ടിടാവശിഷ്ടങ്ങളിൽ കുടുങ്ങിക്കിടക്കുന്നുണ്ട്. കൊല്ലപ്പെട്ടവരിൽ 40 ശതമാനം പേരും കുട്ടികളാണ്.

17 ലക്ഷം ഫലസ്തീനികൾ വീടും നാടും നഷ്ടപ്പെട്ട് ഗസ്സക്കുള്ളിൽ തന്നെ അരക്ഷിതരായി കഴിയുന്നു. ഈജിപ്തിന്റെ അതിർത്തിക്കു സമീപം റഫയിലാണ് 10 ലക്ഷത്തിലേറെ അഭയാർത്ഥികൾ കഴിയുന്നത്. ഇവരെ ആക്രമിക്കാൻ ഇസ്രാഈൽ പദ്ധതി തയാറാക്കിക്കൊണ്ടിരിക്കെ വൻ മാനുഷിക ദുരന്തമാണ് ഗസ്സയെ കാത്തിരിക്കുന്നത്.

വടക്കൻ ഗസ്സയിൽ കുട്ടികൾ ഭക്ഷണം കിട്ടാതെ മരിക്കുകയാണെന്ന് ലോകാരോഗ്യ സംഘടന(ഡബ്ല്യു.എച്ച്.ഒ) മേധാവി ടെഡ്രോസ് അദനോം ഗെബ്രയേസസ് അറിയിച്ചു.

ഗസ്സയിലെ രണ്ട് ആശുപത്രികൾ ഡബ്ല്യു.എച്ച്.ഒ സംഘം സന്ദർശിച്ചതായും അദ്ദേഹം പറഞ്ഞു. അറുപത് ശതമാനത്തിലേറെ വീടുകളും 392 വിദ്യാഭ്യാസ സ്ഥാപനങ്ങളും 184 പള്ളികളും തകർന്നു.

ആശുപത്രികളും 123 ആംബുലൻസുകളും ഇസ്രാഈൽ ബോംബിട്ട് തകർത്തതായി യു.എൻ വൃത്തങ്ങൾ പറയുന്നു.

ഇറാന്റെ പ്രതികാരം: ഇസ്രാഈൽ ഭീതിയിൽ

തെൽഅവീവ്: ഇറാന്റെ പ്രത്യാക്രമണം ഭയന്ന് ഇസ്രാഈൽ സൈനിക മുന്നൊരുക്കങ്ങൾ തുടങ്ങി. സൈനികരുടെ ലീവുകൾ റദ്ദാക്കിയും റിസർവ് സേനയെ വിളിച്ചും വിപുലമായ ഒരുക്കങ്ങളാണ് നടക്കുന്നത്. സിറിയൻ തലസ്ഥാനമായ ദമസ്കസിൽ ഇറാൻ കോൺസുലേറ്റിനുനേരെ ഇസ്രാഈൽ നടത്തിയ ആക്രമണത്തിൽ ഇസ്‌ലാമിക് റെവല്യൂഷണറി ഗാർഡിന്റെ രണ്ട് കമാൻഡർമാർ അടക്കം ഏഴു പേർ കൊല്ലപ്പെട്ടിരുന്നു. ഇതിന് ഇസ്രാഈലിനെ ശിക്ഷിക്കാതെ വിടില്ലെന്ന് ഇറാൻ വ്യക്തമാക്കിയ സാഹചര്യത്തിൽ ഇസ്രാഈൽ സേന ഏത് നിമിഷവും ആക്രമണം പ്രതീക്ഷിക്കുന്നുണ്ട്. സൈന്യത്തിന്റെ ഒരുക്കങ്ങൾ ഇസ്രാഈലികളെ പരിഭ്രാന്തിയിലാഴ്ത്തി. ചിലർ ഭക്ഷണം സംഭരിക്കാനും എ.ടി.എമ്മുകളിൽ നിന്ന് പണം പിൻവലിക്കാനും ശ്രമം തുടങ്ങിയതായി റിപ്പോർട്ടുണ്ട്. അതേസമയം ഗസ്സയിൽ കടുത്ത പരീക്ഷണങ്ങളാണ് വരും ദിവസങ്ങളിൽ വരാനിരിക്കുന്നതെന്ന് ഇസ്രാഈൽ ഇന്റലിജൻസ് മേധാവി മേജർ ജനറൽ അഹാറോൺ ഹാലിവ സൈനികർക്ക് മുന്നറിയിപ്പു നൽകി. 'മോശപ്പെട്ട ദിനങ്ങൾ കഴിഞ്ഞുപോയെന്ന് ഉറപ്പിക്കരുത്. സങ്കീർണമായ ദിനങ്ങളാണ് മുന്നിലുള്ളത്.'– സൈനിക ഇന്റലിജൻസ് യൂണിറ്റിന്റെ റിസർച്ച് ഡിപ്പാർട്ടുമെന്റിൽ കമാൻഡർമാരെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു.

നിഹാൽ ചികിൽസാ സഹായം തേടുന്നു

മുഹമ്മദ് നിഹാൽ

പറവൂർ: നീറിക്കോട് പള്ളത്ത് നവാസ് – നൗഫിയ ദമ്പതികളുടെ പത്തുവയസുകാരനായ മുഹമ്മദ് നിഹാൽ ചികിൽസാ സഹായം തേടുന്നു. പ്രസവമെടുത്ത ഡോക്ടർക്ക് സംഭവിച്ച പിഴവ് മൂലം കുഞ്ഞിന്റെ തലച്ചോറിനേറ്റ ക്ഷതമാണ് നിഹാലിന്റെ ദുരവസ്ഥക്ക് കാരണം. പത്ത് വയസ് പിന്നിട്ടിട്ടും കുഞ്ഞിന് സംസാരിക്കാനോ സ്വയംഎഴുന്നേറ്റ് നിൽക്കാനോ, നടക്കാനോ കഴിയില്ല. ഇതുവരെ വായിലൂടെ ആഹാരം കഴിക്കാൻ കഴിഞ്ഞിട്ടില്ല. പൊക്കിളിനരികെ വയറിൽ നിന്നിട്ട ട്യൂബ് വഴി ഡോക്ടർ നിർദ്ദേശിച്ച ദ്രവരൂപത്തിലുള്ള പ്രത്യേകആഹാരമാണ് ഇപ്പോഴും നൽകുന്നത്. ഇടപ്പള്ളിഅമൃതആശുപത്രിയിലാണ്ചികിത്സ.

ഇപ്പോൾ അപസ്മാരവുംഇടയ്ക്കിടെവരുന്നുണ്ട്. കുറെ നാൾ ആശുപത്രി, പിന്നെ വീട് ഇങ്ങനെയാണ് ജീവിതം. ഒരോവർഷവും ലക്ഷങ്ങളാണ്ചികിത്സാചെലവ്. സന്നദ്ധസംഘടന നിർമ്മിച്ചു നൽകിയ വീട്ടിലാണ് നവാസും കുടുംബവും കഴിയുന്നത്. കൂലിപ്പണിക്കാരനായ നവാസിന്റെ വരുമാനം കുടുംബം പുലർത്താൻ പോലും തികയില്ല. ഉദാരമതികളുടെ നിർലോഭമായ സഹായമാണ് നിഹാലിന്റെ ജീവൻ നിലനിർത്തുന്നത്. കുഞ്ഞിന് സംഭവിച്ച അത്യാഹിതം സംബന്ധിച്ച്കോടതിയിൽ ഡോക്ടർക്കെതിരെ കേസ് നടക്കുന്നുണ്ട്.

നിറിക്കോട് മഹല്ല്സെക്രട്ടറി പി.എം. ഹസ്സൻ ചെയർമാനും വാർഡ് അംഗം വി.ബി ജബ്ബാർകൺവീനറുമായി നിഹാലിനായി ഒരുചികിത്സാ സഹായസമിതി നിലവിലുണ്ട്. ഫെഡറൽ ബാങ്ക് കരുമാലൂർ (Karumalloor) ബ്രാഞ്ച്, അക്കൗണ്ട് നമ്പർ- 17490100009467, ഐ.എഫ്.എസ്.സി- FDRL0001749, ഗൂഗിൾ പേ- 8157986682, ഫോൺ- 9656589811.

അങ്ങാടി നിലവാരം

സ്വർണം പവന് 51680 രൂപ

കൊച്ചി

വെളിച്ചെണ്ണ: മില്ലിങ്	14800
വെളിച്ചെണ്ണ	15300
കൊപ്ര	9900–10100
പിണ്ണാക്ക് എക്സ്പെല്ലർ	2700
പിണ്ണാക്ക് റോട്ടറി	3000
കുരുമുളക്	
അൺഗാർബിൾഡ്	53900
പുതിയ കുരുമുളക്	52900
കുരുമുളക് ഗാർബിൾഡ്	55900
ചുക്ക് മീഡിയം	36000
ചുക്ക് ബെസ്റ്റ്	38000
മഞ്ഞൾ നാടൻ	ഇല്ല
സേലം–ഈറോഡ്	15000–17000
കാഞ്ഞിരക്കുരു	1850
അടയ്ക്ക	30000
അടയ്ക്കപുതിയത്	28000
പഞ്ചസാര	3960
മുളക്	27500
ഉഴുന്ന്	10900–11600
ചെറുപയർ	10300–11800
കടല	6300–9800
മുതിര	7500
എള്ള്	20000
മല്ലി	7800–9200
പച്ചരി നമ്പർ 1	4600
പുഴുക്കലരി (ജയ)	4200
ജാതിക്ക തൊണ്ടൻ	230–260
തൊണ്ടില്ലാത്തത്	420–450
ജാതിപത്രി ചുവപ്പ്-മഞ്ഞ	1000–1400
ജാതി ഫ്ളവർ ചുവപ്പ്	1300–1600
ജാതി ഫ്ളവർ മഞ്ഞ	1400–1650
ഗ്രാമ്പൂ	900 – 980
പാം ഓയിൽ	8950

കാലടി വിപണി

ജാതിക്ക തൊണ്ട്	230–260
,, തൊണ്ടില്ലാത്തത്	425–450
ജാതിപത്രി ചുവപ്പ്-മഞ്ഞ	1000–1400
ജാതിഫ്ളവർ ചുവപ്പ്-മഞ്ഞ	1400–1650

റബ്ബർ മാർക്കറ്റ് കൊച്ചി

ആർ.എസ്.എസ് 5 -	17600–18300
ആർ.എസ്.എസ് 4-	18500
ഒട്ടുപാൽ -	11800
ലാറ്റക്സ് -	12200

സ്വർണ്ണ വിപണി

കൊച്ചി

സ്വർണ്ണം	51680
ഗ്രാം	6460

കോട്ടയം

വെളിച്ചെണ്ണ	14800
കൊപ്ര	10000
തേങ്ങാപ്പിണ്ണാക്ക്	3300

റബർകോട്ടയം

ആർ.എസ്.എസ് - 4	--18500
ആർ.എസ്.എസ് - 5	--18150
ഐ.എസ്.എൻ.ആർ- 20	-16000
60% ലാറ്റക്സ്-	12995

വ്യാപാരി വില

ആർ.എസ്.എസ് 4-	18200
ആർ.എസ്.എസ് 5-	17850

L&T Finance

എൽ&ടി ഫിനാൻസ് ലിമിറ്റഡ്
(മുൻപത്തെ എൽ&ടി ഫിനാൻസ് ഹോൾഡിംഗ്സ് ലിമിറ്റഡ്)
രജിസ്റ്റർ ചെയ്ത ഓഫീസ്: എൽ&ടി ഫിനാൻസ് ലിമിറ്റഡ്, ബ്രിന്ദാവൻ ബിൽഡിംഗ്, പ്ലോട്ട് നം. 177, കലീന, സിഎസ്ടി റോഡ്, മെഴ്സിഡസ് ഷോറൂമിനു സമീപം, സാന്താക്രൂസ് (ഈസ്റ്റ്), മുംബൈ - 400 098.
CIN No.: L67120MH2008PLC181833
ബ്രാഞ്ച് ഓഫീസ്: തൃശൂർ, കേരള

പണയ വസ്തു വിൽക്കുന്നതിനുള്ള പൊതു ലേലം

എൽ&ടി ഫൈനാൻസ് ലിമിറ്റഡിന്റെ അധികാരപ്പെട്ട ഓഫീസർ അതിനു ലഭിക്കാനുള്ള കുടിശ്ശിക തുകയും അതിന്മേലുള്ള പലിശയും മറ്റു ചാർജ്ജുകളും ഈടാക്കുന്നതിനു വേണ്ടി സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട്, 2002 (2002ന്റെ 54) നു കീഴിൽ നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ ഉപയോഗിച്ചുകൊണ്ട് താഴെപ്പറയുന്ന വസ്തുവകകൾ **''അത് ആയിരിക്കുന്ന സ്ഥലത്തും'' ''ആയിരിക്കുന്ന അവസ്ഥയിലും'' ''പൊതു ഇ-ലേലം വഴി''** ഇ-ലേലം ചെയ്യുന്നു.

വായ്പക്കാരന്റെയും സഹ-വായ്പക്കാരുടെയും പേരുകൾ	ഏറ്റെടുത്ത വസ്തുവിന്റെ വിലാസം	ലോൺ അക്കൗണ്ട് നമ്പർ	ഭൗതികമായി ഏറ്റെടുത്ത തീയതി	നിരത ദ്രവ്യം ആർപിയുടെ 10% അല്ലെങ്കിൽ അതിലധികം (രൂപയിൽ)	01.04.2024 തീയതിയിലെ ആകെ കുടിശ്ശിക	റിസർവ് വില (രൂപയിൽ)	പരിശോധന തീയതി	ലേല തീയതിയും സമയവും
1. കെ.കെ. അഷ്റഫ് 2. ജാസ്മിൻ കെ.	സ്ഥാവര വസ്തുവിന്റെ വിലാസം - സർവേ നം. 24/1, നെടുമ്പുറ വില്ലേജ്, തലപ്പിള്ളി താലൂക്ക്, തൃശൂർ ജില്ല എന്ന വിലാസത്തിലുള്ള 8.10 ആർ സ്ഥലവും വള്ളത്തോൾ നഗർ ഗ്രാമ പഞ്ചായത്തിന്റെ ഡോർ നം. 7/341 പതിച്ചിട്ടുള്ള 2950 ച.അടി വിസ്തൃതിയുള്ള കെട്ടിടവും അതിലുള്ള എല്ലാ വസ്തുവകകളും. വസ്തുവിന്റെ അതിരുകൾ താഴെപ്പറയും പ്രകാരമാണ്: അതിരുകൾ — കിഴക്ക്: പഞ്ചായത്ത് റോഡ്; പടിഞ്ഞാറ്: മുഹമ്മദിന്റെ പുരയിടം; വടക്ക്: അബ്ദുൽ മജീദിന്റെ പുരയിടം; തെക്ക്: അബ്ദുൽ റസാക്കിന്റെ പുരയിടം	H1849127022 1021629 & H1849127022 1010917	20 ഫെബ്രുവരി 2024	₹9,25,166.50	₹2,86,00,241.09	₹92,51,665	04-05-2024	10-05-2024 ന് രാവിലെ 10 മുതൽ വൈകിട്ട് 5.30 വരെ.

ലേലത്തിന്റെ നിബന്ധനകളും വ്യവസ്ഥകളും

1. ഇ-ലേല വിൽപ്പന അംഗീകൃത ഓഫീസർ https://sarfaesi.E-auctiontiger.net എന്ന വെബ്സൈറ്റ് വഴി സർഫേശി നിയമത്തിന്റെ വകുപ്പുകൾ അനുസരിച്ചും പൊതു ഇ-ലേല രീതിയിലും ഓൺലൈനായി നടത്തുന്നതാണ്.
2. പൊതു ഇ-ലേലം നടത്തുന്നത് മുകളിൽ കൊടുത്തിട്ടുള്ള തീയതിയിലും സമയത്തും ആയിരിക്കും. അന്നേ തീയതിയിൽ പണയവസ്തു **'അത് ആയിരിക്കുന്ന സ്ഥലത്തും' 'ആയിരിക്കുന്ന അവസ്ഥയിലും'** വിൽക്കപ്പെടുന്നതാണ്.
3. പൊതു ഇ-ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്ന ആളുകൾ/ലേലക്കാർ റിസർവ് വിലയുടെ 10% വരുന്ന തുക തിരികെ ലഭിക്കുന്ന നിരത ദ്രവ്യമായി അടച്ചതിനുള്ള രേഖകളും പാൻ കാർഡിന്റെ കോപ്പിയും കമ്പനിയാണെങ്കിൽ ബോർഡ് ഓഫ് റെസല്യൂഷൻസിന്റെ കോപ്പിയും മേൽവിലാസ രേഖയും 09/05/2024 ലോ അതിനു മുമ്പോ സമർപ്പിച്ചിരിക്കണം.
4. പൊതു ഇ-ലേലത്തിൽ വിജയിക്കാത്ത എല്ലാ മറ്റു ലേലക്കാരുടെയും ഇഎംഡി പൊതു ലേലം പൂർത്തിയായതിനു ശേഷം 7 ദിവസത്തിനകം എൽടിഎഫ് തിരികെ നൽകുന്നതാണ്. ഇഎംഡിക്ക് പലിശയൊന്നും ലഭിക്കുന്നതല്ല.
5. വിജയിക്കുന്ന ആൾ/ലേലക്കാരൻ അയാളുടെ/അതിന്റെ ഓഫർ തുകയുടെ 25% (ഇഎംഡി ഉൾപ്പെടെ) ''എൽ&ടി ഫൈനാൻസ് ലിമിറ്റഡ്'' എന്ന പേരിൽ കൊച്ചിയിൽ മാറാവുന്ന ഡി.ഡി./പി.ഒ. ആയി **10/05/2024** തീയതിയിൽ 18:00 മണിക്കോ അതിനു മുമ്പോ, അതായത് ഇ-ലേല നടക്കുന്ന തീയതിയിൽ അല്ലെങ്കിൽ അടുത്ത പ്രവൃത്തി ദിവസം, അതായത് **11/05/2024** തീയതിയിൽ അടയ്ക്കേണ്ടതും, അത് എൽ&ടി ഫൈനാൻസ് ലിമിറ്റഡ് സ്ഥിരീകരിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം വില്പന പരാജയപ്പെട്ടതായി കണക്കാക്കപ്പെടുന്നതും വിജയിച്ച ലേലക്കാരന്റെ ഇഎംഡി പിടിച്ചെടുക്കപ്പെടുന്നതുമാണ്. ബാക്കി തുക, അതായത് വാങ്ങിയ വിലയുടെ 75% സ്ഥാവരവസ്തു വിറ്റതിന്റെ സ്ഥിരീകരണം ലഭിക്കുന്ന തീയതി മുതൽ പതിനഞ്ചാം ദിവസമോ അതിനു മുമ്പോ അല്ലെങ്കിൽ നിയമത്തിനു കീഴിലുള്ള ചട്ടങ്ങൾ അനുവദിക്കുന്ന സമയത്തിനകമോ എൽ&ടി ഫൈനാൻസ് ലിമിറ്റഡിൽ അടയ്ക്കേണ്ടതാണ്.
6. വസ്തുവിന്റെ പരിശോധനയ്ക്കോ കൂടുതൽ വിവരങ്ങൾക്കോ വേണ്ടി, ലേലത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർക്ക് അംഗീകൃത ഉദ്യോഗസ്ഥനുമായി ബന്ധപ്പെടാം: **''പേര് - അനൂപ് ഡേവിസ്, ഫോൺ നം. 9539309040, സന്തോഷ് തിവാരി, ഫോൺ നം. 9920490126, എൽ&ടി ഫിനാൻസ് ലിമിറ്റഡ്, - ഓഫീസ്: 6-ാം നില, ബൃന്ദാവൻ ബിൽഡിംഗ്, പ്ലോട്ട് നം. 177, കലീന, സിഎസ്ടി റോഡ്, മെഴ്സിഡസ് ഷോറൂമിന് സമീപം, സാന്താക്രൂസ് (ഈസ്റ്റ്), മുംബൈ - 400098''** ഇ-ലേലത്തിന്റെ ഏതു ഘട്ടത്തിലും യാതൊരു കാരണവും കാണിക്കാതെയും യാതൊരു മുൻകൂർ അറിയിപ്പും കൂടാതെയും അധികാരപ്പെട്ട ഓഫീസർ ലേലം/ഓഫർ സ്വീകരിക്കുകയോ/നിരസിക്കുകയോ/പുതുക്കുകയോ/ക്യാൻസൽ ചെയ്യുകയോ ഇ-ലേലം മാറ്റിവയ്ക്കുകയോ ചെയ്യേക്കാം.
7. വിജയിക്കുന്ന ആൾ/ലേലക്കാരൻ സ്ഥാവര വസ്തു അയാളുടെ/അവരുടെ/അതിന്റെ പേരിൽ പതിപ്പിച്ചു കിട്ടുന്നതിന് നിലവിലുള്ള നിയമ പ്രകാരം ബാധകമായിട്ടുള്ള എല്ലാ ചെലവുകളും, നികുതികളും, ഫീസുകളും, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് മുതലായവയും വഹിക്കേണ്ടതാണ്.
8. മേല്പറഞ്ഞ കുടിശ്ശിക തുകയ്ക്കു ബാദ്ധ്യസ്ഥരായിരിക്കുന്ന വായ്പക്കാരൻ/ജാമ്യക്കാർ ഈ വില്പന അറിയിപ്പിനെ മേല്പറഞ്ഞ സ്ഥാവര വസ്തു പൊതുലേലം ചെയ്യുന്നതിനുള്ള സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിന്റെ 8 (6)നു കീഴിലുള്ള ഒരു അറിയിപ്പായി കണക്കാക്കേണ്ടതാണ്.
9. വായ്പക്കാരൻ / സഹവായ്പക്കാർ / ജാമ്യക്കാർ / പണയക്കാർ എന്നിവരെ ഇ-ലേല തീയതിക്ക് മുമ്പ് മുകളിൽ സൂചിപ്പിച്ച മുഴുവൻ ലോൺ കുടിശ്ശികയും അടയ്ക്കാൻ ഇതിനാൽ അറിയിക്കുന്നു. അതിൽ പരാജയപ്പെടുന്നപക്ഷം സർഫേശി ആക്റ്റ്, 2002ൽ നിർവചിച്ചിരിക്കുന്ന ചട്ടങ്ങൾ അനുസരിച്ച് എൽ&ടി ഫിനാൻസ് ലിമിറ്റഡ് മേല്പറഞ്ഞ വസ്തു വിൽക്കുന്നതായിരിക്കും.
10. നോട്ടീസിൽ പരാമർശിച്ചിരിക്കുന്ന സുരക്ഷിത ആസ്തികൾ എൽ&ടി ഫിനാൻസ് ലിമിറ്റഡിന്റെ രേഖാമൂലമുള്ള മുൻകൂർ അനുമതിയില്ലാതെ വില്പനയിലൂടെ പാട്ടത്തിലൂടെയോ മറ്റേതെങ്കിലും രീതിയിലോ കൈമാറ്റം ചെയ്യുന്നതിൽ നിന്നും വായ്പക്കാരൻ / സഹവായ്പക്കാർ / ജാമ്യക്കാർ / പണയക്കാർ എന്നിവരെയും പൊതുജനങ്ങളെയും ഇതിനാൽ തടഞ്ഞിരിക്കുന്നു.

തീയതി: 05.04.2024
സ്ഥലം: തൃശൂർ, കേരള

ഒപ്പ്/-
അധികാരപ്പെട്ട ഓഫീസർ
എൽ&ടി ഫൈനാൻസ് ലിമിറ്റഡ്

കേരള സംസ്ഥാന ഭാഗ്യക്കുറി KARUNYAPLUS KN-516 DRAW RESULT 04/04/2024

ഒന്നാം സമ്മാനം ₹80 ലക്ഷം: PL392107 (കൊല്ലം)

സമാശ്വാസ സമ്മാനം ₹8000: PA392107 PB392107 PC392107 PD392107 PE392107 PF392107 PG392107 PH392107 PJ392107 PK392107 PM392107

രണ്ടാം സമ്മാനം ₹10 ലക്ഷം: PB737058 (തിരുവനന്തപുരം)

മൂന്നാം സമ്മാനം ₹1 ലക്ഷം: PA200057 PB908628 PC306960 PD388510 PE167759 PF750108 PG451679 PH826947 PJ282853 PK308765 PL747482 PM149756

താഴെ കാണുന്ന നമ്പറുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

നാലാം സമ്മാനം ₹5000: 0126 0508 1591 3314 3877 5140 5837 6674 6934 7109 7600 7606 8356 8423 8510 8565 9022 9777

അഞ്ചാം സമ്മാനം ₹1000: 0044 0382 0838 1140 1174 1334 1774 2182 2297 2585 2632 2752 2848 3232 3348 4273 4426 4509 5186 5306 6020 6698 6806 6912 7298 7625 8228 8360 8597 8912 9018 9027 9122 9610

ആറാം സമ്മാനം ₹500: 0102 0197 0209 0386 0425 0482 0818 0963 0983 1199 1211 1339 1513 1659 1769 1873 2055 2186 2347 2583 2818 3071 3126 3144 3244 3574 3618 3633 3640 4109 4188 4193 4296 4685 4756 4809 4896 5001 5451 5507 5520 5648 5705 5727 5826 6243 6247 6271 6463 6481 6537 6840 6871 6890 6944 7050 7363 7438 7498 7595 7639 7725 7851 8053 8168 8198 8472 8699 8846 8862 8878 8947 9129 9203 9323 9459 9588 9613 9813 9827

ഏഴാം സമ്മാനം ₹100: 0095 0100 0203 0290 0311 0408 0421 0490 0608 0775 0933 0936 0944 0970 0974 1034 1163 1368 1411 1439 1555 1614 1626 1629 1697 1763 1800 1899 2016 2144 2309 2525 2575 2580 2650 2931 2967 2991 3221 3266 3280 3340 3349 3370 3461 3463 3505 3522 3548 3556 3882 3944 4083 4238 4261 4268 4440 4501 4682 4929 4981 5007 5131 5157 5233 5455 5553 5561 5918 5977 6040 6146 6220 6264 6267 6274 6288 6318 6353 6399 6403 6611 6651 6797 6820 6843 6965 6996 7090 7154 7222 7227 7339 7357 7371 7391 7410 7416 7569 7663 7702 8063 8202 8232 8273 8378 8462 8697 8768 8800 8820 8924 9011 9015 9058 9161 9217 9247 9363 9401 9465 9473 9624 9696 9752 9864

www.statelottery.kerala.gov.in

ക്ലാസിഫൈഡ്സ്

Change of Name

I, APARNA SATHEESH, KARUVALLIL INCHOOR ILLAM, THRIKKARIYOOR (P O), KOTHAMANGALAM, ERNAKULAM DT., PIN 686692 , HOLDING PASSPORT NO.L8400046 VOTER ID NO: IAD0037333, DO HERE BY CHANGE MY NAME AS **APARNA .M.N**

അറിയിപ്പ്

എന്റെ കക്ഷിയായ മുളന്തുരുത്തി വില്ലേജ്, മുളന്തുരുത്തി (പി.ഒ), കരക്കാട്ട് കുന്നേൽ വീട്ടിൽ ബാബു കെ.വി. എന്നയാൾ പേർക്ക് മുളന്തുരുത്തി വില്ലേജ് റീസർവ്വെ നം. 73/4 – 7ൽ ബ്ലോക്ക് നമ്പർ 23ൽപെട്ട 0.95 ആർ സ്ഥലം മുളന്തുരുത്തി സബ് രജിസ്ട്രാർ ഓഫീസിലെ 82/1996 നമ്പർ ആധാരപ്രകാരം സിദ്ധിച്ച് അനുഭവിച്ച് വരുന്നതാകുന്നു. ടി ആധാരത്തിന്റെ മുന്നാധാരമായ ടി സബ് രജിസ്ട്രിയിലെ 2851/1994 –ാം നമ്പർ ആധാരം തിരിച്ചുകിട്ടാത്ത വിധം കൈമോശം വന്നിട്ടുള്ളതാണ്. എന്റെ കക്ഷി ടി സ്ഥലം ഈട് വെച്ച് മുത്തൂറ്റ് ഹോം ഫിനാൻസ് ഇന്ത്യ ലിമിറ്റഡിൽനിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നോ ഒരു ഇക്വിറ്റബിൾ മോർട്ട്ഗേജ് ക്രിയേറ്റ് ചെയ്യാൻ ഉദ്ദേശിക്കുന്നതും ആയതിന് ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ ആയത് ഇന്ന് മുതൽ 7 ദിവസത്തിനകം എന്നെ രേഖാമൂലം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആർക്കും ആക്ഷേപമില്ലായെന്ന് കണക്കാക്കി ടി വസ്തു ടി ബാങ്കിലോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിലോ പണയപ്പെടുത്തുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

അഡ്വ. പി.എൻ. അനൂപ്
പാറേക്കാട്ടിൽ, അമ്പമേട് പി.ഒ.
എറണാകുളം, ഫോൺ: 99611 88669

അറിയിപ്പ്

ROY THOMAS, OVUNGAMALIL, PULLUVAZHI, PULLUVAZHI P.O, RAYAMANGALAM, ERNAKULAM 683541 എന്നയാളുടെ **KL07AD 2079** നമ്പർ വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടുപോയി എന്ന് കാണിച്ച് ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷിച്ചിട്ടുണ്ട്. ടി വാഹനത്തിന്റെ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ഈ പരസ്യ തീയതി മുതൽ 15 ദിവസത്തിനകം എറണാകുളം ആർ.ടി.ഒയെ രേഖാമൂലം അറിയിക്കേണ്ടതാണ്. നിശ്ചിത തീയതി കഴിഞ്ഞ് ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതല്ല.

ആർ.ടി.ഒയ്ക്കുവേണ്ടി

ഹജ്ജിനു മുമ്പുള്ള ഉംറ
May 06 ന്
നെടുമ്പാശ്ശേരി - ജിദ്ദ
5 ഉംറ / താഇഫ് / സംസം
سفريات الفلاح
CHAKKUNGAL
alfalah Tours & Travels
HO : മൂവാറ്റുപുഴ
93888 01866 | 80891 18295